# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നം. ജി2/14998/2011(2).

തൈക്കാട്, തിരുവനന്തപുരം,
തീയതി:20/12/2011.

ട്രെയിനിംഗ് ഡയറക്ടർ.

പ്രിൻസിപ്പാൾ,
ഐ.ടി.ഐ.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റ് സെപ്തംബർ 2011 - തുടർ നടപടി - സംബന്ധിച്ച്.

******************

താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം മനസ്സിലാക്കി അതു പ്രകാരം നടപടികൾ കൈക്കൊള്ളുവാൻ നിർദ്ദേശിക്കുന്നു.

1. ***പി.എൻ.ടി.സി./'ബി' ഫോറം വിതരണം***

2011 സെപ്തംബർ മാസം നടന്ന എസ്.സി.വി.ടി ട്രേഡ് ടെസ്റ്റിന്റെ പരീക്ഷാ ഫലം 22/12/2011-ന് പ്രസിദ്ധീകരിച്ചിരുന്നു. 2011 സെപ്തംബർ മാസം നടന്ന എസ്.സി.വി.ടി ട്രേഡ് ടെസ്റ്റിന്റെ ബി ഫാറവും പി.എൻ.ടി.സി.യും ഈ ഓഫീസിൽ നിന്നും 6/1/2012 മുതൽ വിതരണം നടത്തുന്നു. പ്രത്യേക ദൂതൻ മുഖാന്തിരം കൈപ്പറ്റേണ്ടതാണ്.

2. ***റീ-കൗണ്ടിംഗ്***

ട്രെയിനികൾക്ക് എഴുത്ത് പരീക്ഷയിൽ ഏതെങ്കിലും വിഷയത്തിന് ലഭിച്ചിട്ടുള്ള മാർക്കിൻമേൽ റീ-കൗണ്ടിംഗ് വേണമെന്നുണ്ടെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിലെ അപേക്ഷ (അപേക്ഷാ ഫോറത്തിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു.) 15/01/2012-ന് മുൻപ് ഒറിജിനൽ ചെലാൻ രസീത് സഹിതം ബന്ധപ്പെട്ട സർക്കാർ/പ്രൈവറ്റ് ഐ.ടി.ഐ. പ്രിൻസിപ്പാളിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഐ.ടി.ഐ പ്രിൻസിപ്പാൾമാർ പ്രസ്തുത അപേക്ഷ **20**/01/2012, 3 പി.എം.ന് മുൻപായി ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ (ശ്രീ.ബി.ബാലചന്ദ്രൻ) ട്രെയിനിംഗ് ഡയറക്ടറേറ്റിൽ

എത്തിച്ചിരിക്കണം. ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നിശ്ചിത തീയതിയ്ക്കുള്ളിൽ തന്നെ അപേക്ഷ ഡയറക്ടറേറ്റിൽ എത്തിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തോറ്റുപോയ വിഷയത്തിന് 10/- രൂപയും ജയിച്ച വിഷയത്തിന് 25/- രൂപയുമാണ് റീ-കൗണ്ടിംഗിന്, 0230-എൽ&ഇ-00-800-അദർ റസീപ്റ്റ്സ്- 88-അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ ഫീസിനത്തിൽ ഒടുക്കേണ്ടത്. മതിയായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതോ ഒറിജിനൽ ചെലാൻ രസീത് വച്ചിട്ടില്ലാത്തതോ അവസാന തീയതിക്കു ശേഷം ലഭിക്കുന്നതോ അപേക്ഷകനോ ഐ.ടി.ഐ. പ്രിൻസിപ്പാളോ സാക്ഷ്യപ്പെടുത്താത്തതോ ആയ അപേക്ഷകൾ റീ-കൗണ്ടിംഗിനായി പരിഗണിക്കുന്നതല്ല. റീ-കൗണ്ടിംഗിനു ശേഷം അപേക്ഷകരായ ട്രെയിനികളുടെ റിസൽട്ടിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ട്രെയിനിയെ നേരിട്ട് അറിയിക്കുന്നതാണ്. റീ-കൗണ്ടിംഗ് റിസൽട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ ആയത് അടുത്ത സപ്ലിമെന്ററി ട്രേഡ് ടെസ്റ്റിന് അപേക്ഷിക്കാതിരിക്കുന്നതിന് കാരണമാക്കാവുന്നതല്ല.

3. 2012 മാർച്ചിൽ നടക്കുന്ന എസ്.സി.വി.ടി പരീക്ഷയെ സംബന്ധിച്ച വിശദവിവരങ്ങളടങ്ങുന്ന വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു..

4. ഐ.ടി.ഐ./ഐ.ടി.സി. പ്രിൻസിപ്പാൾമാർ 'ബി' ഫോറങ്ങൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. മാർക്കുകളിലോ മറ്റ് ഏതെങ്കിലും എൻട്രികളിലോ പിശകുകൾ പറ്റിയതായി കണ്ടാൽ ആയത് അടിയന്തിരമായി ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്) റുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ,

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്.

പി.സി.23/12

## എസ്.സി.വി.ടി ട്രേഡ് ടെസ്റ്റ് സെപ്തംബർ 2011
## റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്നതിനുള്ള ഫോറം

1. അപേക്ഷകന്റെ പേരും തപാൽ വിലാസവും (പിൻകോഡ് സഹിതം) :
2. ട്രേഡ് :
3. റോൾ നമ്പർ :
4. സർക്കാർ ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐയുടെ പേര് :
5. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയം/വിഷയങ്ങൾ:
6. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയത്തിന് സെഷണൽ ഒഴികെ ഇപ്പോൾ ലഭിച്ചിട്ടുള്ള മാർക്ക് : 1.
   : 2.
   : 3.
7. ഈ പരീക്ഷയിൽ ജയിച്ചോ/തോറ്റോ :
8. റീ-കൗണ്ടിംഗിനായി ഫീസ് ഒടുക്കിയതിന്റെ
   വിശദവിവരം :
   ചെല്ലാൻ നമ്പർ, തീയതി :
   തുക :
   ട്രഷറിയുടെ പേര് :

:

### പ്രതിജ്ഞ

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. അപേക്ഷയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമോ, അപേക്ഷ നൽകിയിട്ടുള്ളത് നിർദ്ദേശങ്ങൾക്ക് അനുസൃതമോ അല്ലെങ്കിൽ ഈ അപേക്ഷ നിരസിക്കുന്നതിന് എനിക്ക് സമ്മതമാണ്.

അപേക്ഷകന്റെ ഒപ്പ്

### പ്രതിജ്ഞ

.................................................എന്ന ട്രെയിനി സെപ്താംബർ 2011 എസ്.സി.വി.റ്റി ടെസ്റ്റിൽ.............................................. ഐ.ടി.ഐ നിന്നും............................................................ ................................ട്രേഡിൽ പരീക്ഷ എഴുതിയ ട്രെയിനിയാണ്. ടി ട്രെയിനിയുടെ മേൽപറഞ്ഞിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :
തീയതി :

ഐ.ടി.ഐ.പ്രിൻസിപ്പാൾ

ഓഫീസ് സീൽ

പി.സി.23/12.